# ക്രിസ്തു എന്തിനുവേണ്ടി മരിച്ചു.

സാക് പുന്നൻ

WFTW 12 ജനുവരി 2014

ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ എല്ലാ വിശ്വാസികളും ക്രിസ്തുവിനോടു കൂടെ മരിച്ചു എന്ന മഹത്തായ സത്യത്തെക്കുറിച്ച് പൌലോസ് വളരെ സംസാരിക്കുന്നു. (2 കൊരി 5:14). അദ്ദേഹം ഇതിനെക്കുറിച്ച് റോമർ, കൊരിന്ത്യർ, ഗലാത്യർ എന്നീ ലേഖനങ്ങളിലും പറയുന്നുണ്ട്. 'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു' (ഗലാ 2:20). 'ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു (2 കൊരി 5: 14) ഇത് ദൈവം പൌലോസിനു നൽകിയ നിസ്തുലമായ വെളിപാടാണ്. പത്രോസോ, യോഹന്നാനോ, യാക്കോബോ ഇതിനെക്കുറിച്ചെഴുതിയിരിക്കുന്നതായി നാം വായിക്കുന്നില്ല. യേശു മരിക്കുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തപ്പോൾ ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാ വിശ്വാസികളും യേശുവിനോടുകൂടെ മരിക്കുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അതുകൊണ്ട് നമുക്ക് ഇനിമേൽ നമുക്കുവേണ്ടി ജീവിക്കാൻ കഴിയില്ല. എന്നാൽ അവനുവേണ്ടിതന്നെ (2 കൊരി 5: 15)

'എന്തിനുവേണ്ടി ക്രിസ്തു മരിച്ചു' എന്ന വിശ്വാസികളോട് നിങ്ങൾ ചോദിച്ചാൽ അവരിൽ അധികം പേരും നൽകുന്ന ഉത്തരം (1കൊരി 15: 3) ആയിരിക്കും. 'ക്രിസ്തു ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു'. അത് ശരിയാണ്, എന്നാൽ അത് ഉത്തരത്തിന്റെ ഒരു ഭാഗം മാത്രമാണ്. രണ്ടാംഭാഗം ഇവിടെയാണ് 'ക്രിസ്തു മരിച്ചത് നാം ഇനി ഒരിക്കലും നമുക്കുവേണ്ടി ജീവിക്കാതെ , അവനുവേണ്ടി തന്നെ ജീവിക്കാൻ വേണ്ടിയാണ്' (2 കൊരി 5: 15) നാം നമുക്കുവേണ്ടി ജീവിക്കുമ്പോൾ, ക്രിസ്തു എന്തിനു വേണ്ടി മരിച്ചോ, ആ ഉദ്ദേശത്തെ നാം വിഫലമാക്കുന്നു. നാം പാപത്തിൽ തുടർന്നു ജീവിക്കുമ്പോൾ ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന സത്യത്തെയും ദൈവത്തിന്റെ കൃപയെയും മുതലെടുക്കുകയാണ്. തനിക്കുവേണ്ടി തന്നെ ജീവിക്കുന്ന ഒരു വിശ്വാസിയും ക്രിസ്തു മരിച്ചതിന്റെ സമ്പൂർണ്ണ ഉദ്ദേശം എന്താണ് എന്ന് യഥാർത്ഥമായി മനസ്സിലാക്കിയിട്ടില്ല. ദൈവത്തിന്റെ സമ്പൂർണ്ണ സത്യത്തിന് നേരെ നമ്മുടെ കണ്ണുകൾ കുരുടാക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. ആദ്യം അവൻ ശ്രമിക്കുന്നത് ക്രിസ്തുവിന്റെ മരണത്തെക്കുറിച്ചുള്ള ഒരു കാര്യംപോലും മനസ്സിലാക്കുന്നതിൽനിന്ന് നമ്മെ തടയുവാനാണ്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന കാര്യം നാം കണ്ടാൽ , ക്രിസ്തുവിന്റെ മരണത്തിന്റെ സമ്പൂർണ്ണ ഉദ്ദേശ്യം കാണാതവണ്ണം നമ്മുടെ കണ്ണിനെ കുരുടാക്കാൻ സാത്താൻ ശ്രമിക്കുന്നു.

ക്രിസ്തു മരിച്ചത് നമ്മെ ഒരു സ്വയകേന്ദ്രീകൃത ജീവിത്തിൽ നിന്ന് നമ്മെ സ്ഥിരമായി വിടുവിക്കുവാനാണ് 1 കൊരി 15: 3, 2 കൊരി 5: 15 ഈ രണ്ടു വാക്യങ്ങൾ ഒന്നിച്ചു ചേർക്കുമ്പോൾ നാം കാണുന്നത്, എല്ലാ പാപത്തിന്റെയും വേര് സ്വയകേന്ദ്രീകരണമാണെന്നാണ്. ഒരു മനുഷ്യൻ പാപത്തിൽ ജീവിക്കുന്നതിന്റെ കാരണം അവൻ തനിക്കവേണ്ടി തന്നെ ജീവിക്കുന്നതാണ്. നിങ്ങൾ നിങ്ങൾക്കുവേണ്ടി തന്നെ ജീവിക്കുന്നിടത്തോളം കാലം നിങ്ങൾക്കൊരിക്കലും പാപത്തിഞ്ചൽ ജയം ഉണ്ടാകുകയില്ല. ഒരു വൃക്ഷത്തിന്റെ വേര് അറുത്ത് കളയാതിരിക്കുന്നിടത്തോളം കാലം അത് ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. നിങ്ങൾ ആ വേരിന്( സ്വയകേന്ദ്രീകരണം) കോടാലി വച്ചാൽ, പിന്നീട് നിങ്ങൾ അതിൽ നിന്നുണ്ടാകുന്ന ഫലം(പാപം) മുറിച്ചുകളയുന്ന പ്രവൃത്തി തുടരേണ്ടി വരുന്നില്ല. അധികമാളുകളും പാപത്തെ ഉപരിതലത്തിൽ ഒഴിവാക്കിയിട്ടുള്ളവരാണ് എന്നാൽ അതിന്റെ വേര് അവിടെതന്നെയുണ്ട്. തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നതിന്റെ വേര്. നിങ്ങൾ നിങ്ങൾക്കുവേണ്ടി ജീവിക്കുന്നിടത്തോളം നിങ്ങൾക്കൊരിക്കലും പാപത്തിന്റെ മേൽ വിജയം കിട്ടുകയില്ല. നിങ്ങൾ എന്നെന്നേക്കുമായി ഇങ്ങനെ തീരുമാനിക്കണം. ഇന്നു മുതൽ മുമ്പോട്ട് എന്നെ എന്റെ ജീവിതത്തിൽ കേന്ദ്രമായി വച്ച് ഞാൻ ഒരിക്കലും ഒരു തീരുമാനം എടുക്കുകയില്ല. എനിക്ക് എത്ര ആദായകരമാകും എന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഒരു തീരുമാനവും എടുക്കുകയില്ല' എനിക്കിത് എത്രമാത്രം പ്രയോജനമാകും? എന്റെ കുടുംബത്തിന് ഇത് എങ്ങനെ പ്രയോജനം ചെയ്യും? ഈ ചോദ്യങ്ങളുടെ അടിസ്ഥാനത്തിലാണ് വളരെ ആളുകളും ക്രിസ്തീയ പ്രവർത്തനത്തിൽ തീരുമാനങ്ങളെടുക്കുന്നതെന്ന് നിങ്ങൾക്കറിയാമോ? ഇങ്ങനെയാണ് ലോകത്തിലുള്ള എല്ലാ മാനസാന്തരപ്പെടാത്ത ദൈവമില്ലാത്ത പാപികളും തീരുമാനങ്ങളെടുക്കുന്നത്. അവൻ അല്ലെങ്കിൽ അവൾ ഒരു നിരീശ്വര വാദിയായിരിക്കാം, അതെ സമയം നിങ്ങൾ ഏതെങ്കിലും ഒരു സഭയിൽ പോകുന്നു എന്നതൊഴിച്ചാൽ നിങ്ങളും അവരും തമ്മിൽ ഒരു വ്യത്യാസവുമില്ല.

അകമെ നിങ്ങൾ രണ്ടുകൂട്ടരും ഒരു പോലെ തന്നെയാണ് . ഇതിൽ നിന്ന് നമ്മെ വിടവിക്കുവാനാണ് യേശു മരിച്ചത് . അതായത് നാം ഒരിക്കലും ഒരു തീരുമാനമെടുക്കുന്നത്, അത് എനിക്കെങ്ങനെ ആദായകരമാകും എന്നതിലല്ല, എന്നാൽ അത് എങ്ങനെ ദൈവത്തിന് മഹത്വകരമാകും, ദൈവരാജ്യത്തിനും ദൈവത്തിന്റെ ഉദ്ദേശ്യത്തിനും പ്രയോജനകരമാകും എന്നതിലായിരിക്കണം ഇതുപോലെയുള്ള 100 ആളുകളെ നമുക്ക് ലഭിച്ചാൽ ഇൻഡ്യയെ കീഴ്മേൽ മറിക്കാൻ നമുക്ക് കഴിയും. എന്നാൽ ഇതുപോലെയുള്ള വളരെ കുറച്ചുപേരെയെങ്കിലും കണ്ടുപിടിക്കാൻ വളരെ ബുദ്ധിമുട്ടാണ്.

ഒരു വലിയ ഭൂരിപക്ഷം ക്രിസ്ത്യാനികളും, നാം ഇനി ഒരിക്കലും തങ്ങൾക്കുവേണ്ടി തന്നെ ജീവിക്കാനുള്ളവരല്ലെന്ന് മനസ്സിലാക്കിയിട്ടില്ല. 2 കൊരി. 5: 15 പോലെയുള്ള വാക്യങ്ങൾ അവർ മിറകടന്ന് 2 കൊരി 5 : 17 ലേയ്ക്ക് ചാടിക്കടക്കുന്നു. ‘ പഴയതു കഴിഞ്ഞുപോയി ഇതാ എല്ലാം പുതിയതായി ഒരു പുതിയ സൃഷ്ടിയായി തീർന്നിരിക്കുന്നു‘ എന്നാൽ ഞാൻ നിങ്ങളോട് ചോദിക്കട്ടെ ‘കഴിഞ്ഞു പോയ പഴയകാര്യങ്ങൾ അല്ലെങ്കിൽ കഴിഞ്ഞുപോകേണ്ടിയിരുന്ന പഴയ കാര്യങ്ങൾ എന്തൊക്കെയാണ്?‘ ‘സ്വയത്തിനുവേണ്ടി ജീവിക്കുന്നത്‘ കഴിഞ്ഞുപോയോ? നിങ്ങളുടെ അഭിലാഷങ്ങളും ലക്ഷ്യങ്ങളും പുതിയതായോ?

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)